സ്ഥാപിതം 1964

സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ–680004

www.swathanthramandapam.com വാള്യം: 60 ലക്കം: 236 2025 ഡിസംബർ 29 തിങ്കൾ പേജ്: 2 വില: 1 രൂപ PHONE: 2384127, 2384558 E-mail: smdaily03@yahoo.co.in

ബസ്സിറങ്ങി നടന്നത് മരണത്തിലേക്ക്; വടകരയിൽ ഥാർ ജീപ്പിടിച്ച് ഹോട്ടൽ തൊഴിലാളിയായ വീട്ടമ്മ മരിച്ചു

കോഴിക്കോട്: വടകര എടച്ചേരി തലായിയിൽ ഥാർ ജീപ്പ് ഇടിച്ച് ഹോട്ടൽ തൊഴിലാളിയായ അറുപതുകാരി മരിച്ചു. പുറമേരി സ്വദേശി ശാന്ത ആണ് മരിച്ചത്.

ബസ് ഇറങ്ങി റോഡ് മുറിച്ചുകടക്കുന്നതിനിടെ ജീപ്പ് ഇടിച്ച് തെറിപ്പിക്കുകയായിരുന്നു. ഇടിയുടെ ആഘാതത്തിൽ ഗുരുതരമായി പരിക്കേറ്റ ശാന്ത സംഭവസ്ഥലത്തുതന്നെ മരിച്ചു. രാവിലെ 6.15-നായിരുന്നു അപകടം. മൃതദേഹം വടകര ഗവ. ആശുപത്രി മോർച്ചറിയിലേക്ക് മാറ്റി

സ്വതന്ത്രമണ്ഡപം പത്രത്തിന്റെ ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

ഡി മണിയുടെ കൈയിലുള്ളത് വിവിധ ക്ഷേത്രങ്ങളിലെ വിലപിടിപ്പുള്ള വസ്തുക്കൾ

കൈമാറിയത് പോറ്റി



തിരു: ശബരിമല സ്വർണക്കൊള്ള കേസിൽ പ്രവാസി വ്യവസായിയുടെ മൊഴിയിലെ കൂടുതൽ വിവരങ്ങൾ പുറത്ത്. ക്ഷേത്രങ്ങളിലെ വിലപിടിപ്പുള്ള വസ്തുക്കൾ കൈവശമുണ്ടെന്ന് ഡി മണി തന്നോട് പറഞ്ഞതായി വ്യവസായി വ്യക്തമാക്കുന്നു.

'തമിഴ്നാട് മുഖ്യമന്ത്രിയായിരുന്ന ജയലളിതയുമായി ബന്ധപ്പെട്ട ചില കേന്ദ്രങ്ങളാണ് ഡി മണിയെ പരിചയപ്പെടുത്തുന്നത്. എനിക്കും ആന്റിക് ബിസിനസിൽ താൽപര്യമുണ്ടായിരുന്നതിനാൽ ഡി മണിയിൽ നിന്നും ഈ അമൂല്യ വസ്തുക്കൾ കാണാനായി ദിണ്ഡിഗലിലുള്ള വീട്ടിലേക്ക് പോയി. അവിടെ ഒരു ചാക്കിൽ കെട്ടിയ നിലയിലാണ് ഈ വസ്തുക്കൾ കണ്ടത്. ശബരിമല ഉൾപ്പടെയുള്ള വിവിധ ക്ഷേത്രങ്ങളിലെ വിലപിടിപ്പുള്ള വസ്തുക്കളാണിതെന്നും ഇതൊക്കെ ഒരു പോറ്റി കൈമാറിയതാണെന്നുമാണ് മണി പറഞ്ഞത്. എന്നാൽ ഈ വസ്തുക്കൾ തുറന്നുകാണാൻ കഴിഞ്ഞില്ല. എന്നാൽ പണം നൽകുന്നതിലെ തർക്കം മൂലം പിന്നീട് ആ ബിസിനസ് നടക്കാതെ പോയി'- പ്രവാസി മൊഴിയിൽ പറയുന്നു.

അതേസമയം, ഡി മണിയെ അന്വേഷണ സംഘം ചോദ്യം ചെയ്യും. നാളെ ഹാജരാകാൻ പൊലീസ് മണിയോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നാണ് വിവരം. താൻ ഡി മണിയല്ലെന്നാണ് നേരത്തെ ഇയാൾ പറഞ്ഞത്.

പക്ഷേ അയാൾ തന്നെയാണ് ഡി മണിയെന്നാണ് അന്വേഷണ സംഘം സ്ഥിരീകരിച്ചത്. തിരുവനന്തപുരത്ത് വിഗ്രഹക്കച്ചവടത്തിനിടെ പ്രവാസി വ്യവസായി നേരിൽ കണ്ട ഡി മണിയെയാണ് ദിണ്ഡിഗലിൽ ചോദ്യംചെയ്തതെന്നും എം എസ് മണിയെന്നും സുബ്രഹ്മണ്യനെന്നും പേരുമാറ്റിപ്പറഞ്ഞത് കബളിപ്പിക്കാനുള്ള ശ്രമമാണെന്നും അന്വേഷണ സംഘം പറയുന്നു.

'വികെ പ്രശാന്തിന് എംഎൽഎ ഹോസ്റ്റലിൽ മുറിയുണ്ട്, പിന്നെ എന്തിനാണ് കോർപറേഷൻ കെട്ടിടം': ശബരീനാഥൻ

തിരു : ശാസ്തമംഗലത്തെ ഓഫീസ് കെട്ടിടവിവാദത്തിൽ വികെ പ്രശാന്ത് എംഎൽഎക്കെതിരെ കൗൺസിലർ കെ എസ് ശബരീനാഥൻ രംഗത്ത്. എംഎൽഎ ഹോസ്റ്റലിൽ പ്രശാന്തിന് മുറിയുണ്ടെന്നും പിന്നെ എന്തിനാണ് കോർപറേഷൻ കെട്ടിടത്തിൽ ഓഫീസ് പ്രവർത്തിപ്പിക്കുന്നതെന്നും ശബരീനാഥൻ ചോദിച്ചു. ഫേസ്ബുക്ക് പോസ്റ്റിലൂടെയായിരുന്നു അദ്ദേഹത്തിന്റെ പ്രതികരണം. എല്ലാവർക്കും എത്താനുള്ള എളുപ്പത്തിനാണ് ശാസ്തമംഗലത്ത് ഓഫീസ് തുടങ്ങിയതെന്നാണ് വികെ പ്രശാന്തിന്റെ മറുപടി.

ശാസ്തമംഗലം വാർഡിലെ നഗരസഭ ഓഫീസിൽ എംഎൽഎയുടെ ഓഫീസ് പ്രവർത്തിക്കുന്ന വിഷയത്തിൽ നഗരസഭയും വി.കെ പ്രശാന്തും തമ്മിലുള്ള കരാർ പരിശോധിച്ചുകൊണ്ടു വാടക തുക അടക്കമുള്ള കാര്യങ്ങൾ ഇനി തീരുമാനിക്കേണ്ടത് നഗരസഭയാണ്. അത് അവിടെ നിൽക്കട്ടെ, എനിക്ക് മറ്റൊരു വസ്തുത കൂടി പറയേണ്ടതുണ്ട്.

കേരളത്തിലെ ഭൂരിഭാഗം എംഎൽഎമാരുടെയും ഓഫീസ് സ്വന്തം മണ്ഡലത്തിലെ വാടക കെട്ടിടത്തിലാണ്. ഞാനും അങ്ങനെ തന്നെയാണ് ജനപ്രതിനിധിയായിരുന്നപ്പോൾ ആര്യനാട് ഒരു വാടകമുറിയിൽ മാസവാടക കൊടുത്തു പ്രവർത്തിച്ചത്. പക്ഷേ വി.കെ. പ്രശാന്തിന് ഒരു ഭാഗ്യമുണ്ട്. നിയമസഭയുടെ എംഎൽഎ ഹോസ്റ്റൽ അദ്ദേഹം പ്രതിനിധാനം ചെയ്യുന്ന വട്ടിയൂർക്കാവ് മണ്ഡലത്തിലാണ്.നല്ല മുറികളും കമ്പ്യൂട്ടർ സജ്ജീകരണവും കാർ പാർക്കിങ്ങും എല്ലാ സൗകര്യങ്ങളുമുള്ളതാണ് നഗരത്തിന്റെ ഹൃദയത്തിലുള്ള എംഎൽഎ ഹോസ്റ്റൽ. ഞാൻ അന്വേഷിച്ചപ്പോൾ എംഎൽഎ ഹോസ്റ്റലിലെ നിള ബ്ലോക്കിൽ 31, 32 നമ്പറിൽ ഒന്നാന്തരം രണ്ട് ഓഫീസ് മുറികൾ അങ്ങയുടെ പേരിൽ അനുവദിച്ചിട്ടുണ്ട്. ഇത്രയും സൗകര്യങ്ങളുള്ള എംഎൽഎ ഹോസ്റ്റൽ സർക്കാർ സൗജന്യമായി നൽകുമ്പോൾ അത് ഉപേക്ഷിച്ചു എന്തിനാണ് ശാസ്തമംഗലത്തെ ഈ മുറിയിൽ ഇരിക്കുന്നത്?

ഈ നിയമസഭയുടെ കാലാവധി ബാക്കി നിൽക്കുന്ന സമയം എംഎൽഎ ഹോസ്റ്റലിലേക്ക് മാറുന്നതാണ് നല്ലത് എന്നതാണ് എന്റെ അഭിപ്രായം. അതോടൊപ്പം എല്ലാ കൗൺസിലർമാർക്കും പ്രവർത്തിക്കാനുള്ള അടിസ്ഥാനസൗകര്യം നഗരസഭ ഒരുക്കണം.

യുവാവിന് മർദ്ദനം

കുന്നംകുളം: പഴഞ്ഞി ഐന്നൂർ ചീനിക്കൽ അമ്പലത്തിലെ ഉത്സവം കണ്ട് മടങ്ങുകയായിരുന്ന യുവാവിനെ 6 അംഗ സംഘം ആക്രമിച്ചു. പെങ്ങാമുക്ക് സ്വദേശിയായ കണ്ടിരുത്തി വീട്ടിൽ അതിൻ കൃഷ്ണയ്ക്കാണ് മർദ്ദനമേറ്റത്.

അതിരപ്പിള്ളിയിൽ കാട്ടാന കൃഷി നശിപ്പിച്ചു

ചാലക്കുടി:അതിരപ്പിള്ളി പഞ്ചായത്തിലെ വെട്ടിക്കുഴിയിൽ കാട്ടാന ശല്യം രൂക്ഷം. കാർഷിക വിളകൾ വ്യാപകമായി നശിപ്പിച്ചു. സ്ഥലത്ത് നാലു ദിവസമായി കാട്ടാന ഇറങ്ങുന്നതായി നാട്ടുകാർ.

ചരക്കുലോറി നജീപ്പിനു മകളിലേക്ക് മറിഞ്ഞു; സബ് ഡിവിഷണൽ ഓഫീസർ മരിച്ചു

ലക്നൗ: ഉത്തർപ്രദേശിൽ ചരക്ക് ലോറി ജീപ്പിനുമുകളിലേക്ക് മറിഞ്ഞ് അപകടം. ജീപ്പിലുണ്ടായിരുന്ന സബ് ഡിവിഷണൽ ഓഫീസർ മരിച്ചു. വൈക്കോൽ കയറ്റി വന്ന ചരക്ക് ലോറിയാണ് മറിഞ്ഞത്. റാംപൂർ പഹാഡി ഗേറ്റിലെ നൈനിറ്റാൾ റോഡിലാണ് അപകടം ഉണ്ടായത്.

പിറകിൽ നിന്നും ലോറി വരുന്നത് ശ്രദ്ധിക്കാതെ ജീപ്പ് റോഡ് ക്രോസ് ചെയ്തപ്പോഴാണ് അപകടം ഉണ്ടായത്. ജീപ്പിൽ ഇടിക്കാതിരിക്കാൻ ലോറി ഡ്രൈവർ ശ്രമിച്ചെങ്കിലും ലോറിയുടെ മുൻ ടയർ ഡിവൈഡറിലിടിച്ച് മറുവശത്തേക്ക് ചരിയുകയായിരുന്നു. ലോറിയും ചരക്കും ഉൾപ്പടെ ജീപ്പിന് മുകളിലേക്ക് വീണു. അപകടത്തിന്റെ ദൃശ്യങ്ങൾ സോഷ്യൽ മീഡിയയിൽ പ്രചരിക്കുന്നുണ്ട്.

ലോറിക്കടിയിൽപ്പെട്ട് ജീപ്പ് തകരുന്നതും ദൃശ്യങ്ങളിൽ കാണാം. അപകടത്തെ തുടർന്ന് വാഹനഗതാഗതം തടസപ്പെട്ടു. ജെസിബി എത്തി ലോറി നീക്കി സബ് ഡിവിഷണൽ ഓഫീസറെ പുറത്തെടുത്തപ്പോഴേക്കും മരണം സംഭവിച്ചിരുന്നു. മൃതദേഹം പോസ്റ്റ്മോർട്ടത്തിനായി ആശുപത്രിയിലേക്ക് മാറ്റി. ഞായറാഴ്ച വൈകുന്നേരത്തോടെയായിരുന്നു അപകടം. അമിതമായി ചരക്ക് കയറ്റിയതിനാലാണ് ലോറി നിയന്ത്രിക്കാൻ സാധിക്കാത്തതെന്നും അപകടത്തിന്റെ വ്യാപ്തി കൂട്ടിയതെന്നും ദൃക്സാക്ഷികൾ പറയുന്നു.

വീട്ടുമുറ്റത്ത് കളിക്കുന്നതിനിടെ കല്ലും മണ്ണും വിഴുങ്ങി, ഒരു വയസുകാരന് ദാരുണാന്ത്യം

മലപ്പുറം: വീട്ടുമുറ്റത്ത് കളിച്ചുകൊണ്ടിരിക്കെ അബദ്ധത്തിൽ കല്ലും മണ്ണും വിഴുങ്ങിയ ഒരു വയസുകാരന് ദാരുണാന്ത്യം. ചങ്ങരംകുളം പള്ളിക്കര തെക്കുംമുറി സ്വദേശി മഹറൂഫിന്റെ മകൻ അന്ഷം ആണ് മരിച്ചത്. ഇന്നലെ വൈകുന്നേരത്തോടെയായിരുന്നു സംഭവം. വീടിന് പുറത്ത് കളിച്ചുകൊണ്ടിരുന്ന കുട്ടി മുറ്റത്തെ മണ്ണും കല്ലും വാരി വായിലേക്ക് ഇടുകയായിരുന്നു. ശ്വാസതടസം നേരിട്ടതിനെ തുടർന്ന് കുട്ടിയുടെ വായിൽ നിന്നും വീട്ടുകാർ കല്ല് നീക്കം ചെയ്യാൻ ശ്രമിച്ചിരുന്നു.

എന്നാൽ ചെറിയ ഒരു കല്ല് തൊണ്ടയിൽ ആഴത്തിൽ കുടുങ്ങിയതിനാൽ പുറത്തെടുക്കാൻ സാധിച്ചില്ല. ഉടൻ തന്നെ കുട്ടിയെ അടുത്തുള്ള ആശുപത്രിയിൽ എത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല. ആശുപത്രിയിൽ എത്തുന്നതിന് മുൻപേ മരണം സംഭവിച്ചിരുന്നു. കുഞ്ഞിന്റെ അപ്രതീക്ഷിത വേർപാടിൽ പള്ളിക്കര ഗ്രാമം ഒന്നടങ്കം വിറങ്ങലിച്ചു നിൽക്കുകയാണ്. മൃതദേഹം പോസ്റ്റ് മോർട്ടം നടപടികൾക്ക് ശേഷം ബന്ധുക്കൾക്ക് വിട്ടുനൽകും.

കാർ മതിലിലും ഇലക്ട്രിക് പോസ്റ്റിലും ഇടിച്ച് അപകടം

കേച്ചേരി: ആയമുക്ക് സെന്ററിന് സമീപം നിയന്ത്രണം വിട്ട കാർ മതിലിലും ഇലക്ട്രിക് പോസ്റ്റിലും ഇടിച്ച് അപകടം.

രണ്ടുപേർക്ക് പരിക്ക്. കാർ യാത്രികരായ പുന്നയൂർക്കുളം സ്വദേശി ചെറുവത്തിക്കുളങ്ങര വീട്ടിൽ നൗഫൽ ഭാര്യ സുജിന എന്നിവർക്കാണ് പരിക്കേറ്റത്.

നിലമ്പൂരിലെ സ്വർണഖനനം; സമീപവാസികളുടെ കൈയിൽ വലിയ ജനറേറ്ററുകളും മോട്ടോറുകളും, അന്വേഷണം കടുപ്പിക്കും

മലപ്പുറം: നിലമ്പൂർ വനത്തിൽ സ്വർണഖനനം നടത്തിയ സംഭവത്തിൽ അന്വേഷണം ശക്തമാക്കി വനംവകുപ്പ്. സംഭവത്തിൽ പിടിയിലായ ഏഴ് സമീപവാസികൾക്ക് പുറത്തുനിന്ന് സഹായം ലഭിച്ചിട്ടുണ്ടോയെന്ന കാര്യത്തിലടക്കം അന്വേഷണം വ്യാപിപ്പിക്കാനാണ് നീക്കം. നിലമ്പൂരിലെ ആയിരംവല്ലി വനമേഖലയിൽ മോട്ടോറും ജനറേറ്ററും ഉൾപ്പെടെയുള്ള സാധനങ്ങൾ എത്തിച്ചായിരുന്നു ഇവർ മണൽ ശേഖരിച്ചിരുന്നത്.

നിലമ്പൂർ വനമേഖലയിൽ സ്വർണത്തിന്റെ അംശമുണ്ടെന്ന് നേരത്തെ മനസിലായതാണ്. ആദ്യകാലങ്ങളിൽ സമീപവാസികൾ ഇവിടെ നിന്ന് നിത്യവൃത്തിക്കായി മണൽ ഖനനം ചെയ്ത് സ്വർണം ശേഖരിക്കുമായിരുന്നു. പിന്നീട് വ്യാവസായിക അടിസ്ഥാനത്തിൽ ഇവിടെ നിന്ന് മണൽ കൊണ്ടുപോകുന്നത് സജീവമാകുകയായിരുന്നു. ഇതോടെയാണ് വനംവകുപ്പ് കർശന നടപടി സ്വീകരിച്ചത്. അതിനുശേഷം നിലമ്പൂർ മേഖലയിൽ ഇത്തരത്തിലുള്ള സ്വർണഖനനങ്ങൾ കർശനമായി നിരോധിച്ചിരുന്നു. ജുവലറി ഉടമകളുടെ നിർദ്ദേശാനുസരണമാണോ ഇവർ മണൽ ശേഖരിക്കാനെത്തുന്നതെന്ന കാര്യത്തിലും അന്വേഷണം നടത്തുമെന്ന് വനംവകുപ്പ് ഉദ്യോഗസ്ഥർ അറിയിച്ചു

ഭാരതിരാജ ആശുപത്രിയിൽ; ആരോഗ്യനില വഷളാകുന്നുവെന്ന അഭ്യൂഹങ്ങൾ തള്ളി കുടുംബം

ചെന്നൈ: പ്രശസ്ത ചലച്ചിത്ര സംവിധായകൻ ഭാരതിരാജയെ ചെന്നൈയിലെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. അനാരോഗ്യത്തെ തുടർന്ന് മൂന്ന് ദിവസമായി അദ്ദേഹം ആശുപത്രിയിൽ തുടരുകയാണ്. സംവിധായകന്റെ ആരോഗ്യ നില മെച്ചപ്പെട്ടുവരുന്നതായി കുടുംബം സ്ഥിരീകരിച്ചു. എന്നാൽ ഭാരതിരാജയെ ഐ.സി. യുവിൽ പ്രവേശിപ്പിച്ചതായി ചില സ്ഥിരീകരിക്കാത്ത റിപ്പോർട്ടുകളും പ്രചരിക്കുന്നുണ്ട്.

ഡിസംബർ 27നാണ് ഭാരതിരാജക്ക് അസുഖം പിടിപെട്ടത്. തുടർന്ന് ബന്ധുക്കൾ അദ്ദേഹത്തെ ചെന്നൈയിലെ ടി. നഗറിലെ ഒരു സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. അവിടെ ചികിത്സയിൽ തുടരുകയാണ്. ശ്വാസതടസ്സം പോലുള്ള ശ്വാസകോശ സംബന്ധമായ പ്രശ്നങ്ങൾ അനുഭവപ്പെട്ടതിനെ തുടർന്ന് അദ്ദേഹത്തെ ആശുപത്രിയിൽ പ്രവേശിപ്പിച്ചതായി റിപ്പോർട്ടുണ്ടായിരുന്നു. സംവിധായകന്റെ ആരോഗ്യം വഷളാകുന്നുവെന്ന അഭ്യൂഹങ്ങൾ സോഷ്യൽ മീഡിയയിൽ പ്രചരിച്ചതോടെ, അദ്ദേഹം സുഖം പ്രാപിക്കുകയാണെന്ന് കുടുംബാംഗങ്ങൾ വിശദീകരണം നൽകി.

ഈ വർഷം മാർച്ചിലാണ് ഭാരതിരാജയുടെ മകൻ മനോജ് ഹൃദയാഘാതത്തെ തുടർന്ന് മരിച്ചത്. മകന്റെ മരണവുമായി പൊരുത്തപ്പെടാൻ ഭാരതിരാജക്ക് കഴിഞ്ഞിരുന്നില്ല. ഭാരതിരാജയുടെ മാനസികാരോഗ്യം വളരെ മോശമാണെന്നും ആ നഷ്ടം താങ്ങാൻ അദ്ദേഹത്തിന് കഴിയുന്നില്ലെന്നും അടുത്തിടെ അദ്ദേഹത്തിന്റെ സഹോദരൻ ജയരാജ് പെരിയമയതേവർ പറഞ്ഞു. 1977ൽ 16 വയതിനിലെ എന്ന ചിത്രത്തിലൂടെയാണ് ഭാരതിരാജ ആദ്യമായി സംവിധായകനായി അരങ്ങേറ്റം കുറിച്ചത്. പിന്നീട് 40 ഓളം ചിത്രങ്ങൾ സംവിധാനം ചെയ്തു. മോഹൻലാലിന്റെ തുടരും എന്ന ചിത്രത്തിലെ അഭിനയത്തിലൂടെ അദ്ദേഹം വീണ്ടും പ്രേക്ഷകർക്ക് മുന്നിൽ എത്തി.

ഉന്നാവ് കേസിൽ സെൻഗാറിന് ഇളവില്ല; അതിജീവിതക്ക് ആശ്വാസം; ഹൈക്കോടതി ഉത്തരവിന് സ്റ്റേ



ഉന്നാവ് ബലാത്സംഗക്കേസിലെ പ്രതി ബിജെപി മുൻ എംഎൽഎ കുൽദീപ് സെൻഗാറിന്റെ ശിക്ഷ മരവിപ്പിച്ച ഹൈക്കോടതി ഉത്തരവ് സുപ്രീം കോടതി സ്റ്റേ ചെയ്തു. കുൽദീപ്സെൻഗാറിന്റെ ജാമ്യത്തിനും സ്റ്റേ. സിബിഐ അപ്പീലിലാണ് നടപടി. സത്യമേവ ജയതേ. കോടതി വിധിയിൽ സന്തുഷ്ടയെന്ന് അതിജീവിത. സുപ്രീംകോടതിക്ക് നന്ദിയെന്ന് അതിജീവിതയുടെ അഭിഭാഷകയും പറഞ്ഞു. ഡൽഹി ഹൈക്കോടതി ഉത്തരവിനെതിരായ അപ്പീൽ അടിയന്തര പ്രാധാന്യം കണക്കിലെടുത്താണ് ചീഫ് ജസ്റ്റിസ് സൂര്യകാന്ത് അധ്യക്ഷനായ അവധിക്കാല പ്രത്യേക ബെഞ്ച് പരിഗണിച്ചത്. കേസ് അന്വേഷിച്ച സി.ബി.ഐ നൽകിയ അപ്പീലും രണ്ട് വനിത അഭിഭാഷകർ നൽകിയ പൊതുതാൽപര്യ ഹർജിയുമാണ് കോടതി പരിഗണിച്ചത്.

ബി.ജെ.പി മുൻ എം.എൽ.എയായ സെൻഗാറിൻറെ ശിക്ഷ മരവിപ്പിച്ചതിനെതിരെ അതിജീവിതയും മാതാവും പ്രതിഷേധത്തിലായിരുന്നു. ഇന്നലെ ജന്തർമന്തറിൽ നടത്തിയ സമരത്തിനിടെ ദേഹാസ്വാസ്ഥ്യമുണ്ടായതിനെത്തുടർന്ന് അതിജീവിതയെയും മാതാവിനേയും ആശുപത്രിയിലേക്ക് മാറ്റിയിരുന്നു. അതിജീവിതയെ പിന്തുണച്ചും വ്യാപക പ്രതിഷേധം ഉയർന്നിരുന്നു. കുൽദീപ് സെൻഗറിനു ജാമ്യം അനുവദിച്ചതിനെതിരെ അതിജീവിതയുടെ അമ്മ ഹൈക്കോടതിക്കു മുന്നിൽ പ്രതിഷേധിച്ചിരുന്നു. പീഡന വീരൻമാരെ സംരക്ഷിക്കുന്നത് അവസാനിപ്പിക്കുക എന്നെഴുതിയ പ്ലക്കാർഡുകൾ ഉയർത്തിയായിരുന്നു കഴിഞ്ഞ ദിവസം പ്രതിഷേധിച്ചത്.

2017ൽ പ്രായപൂർത്തിയാകാത്ത പെൺകുട്ടിയെ തട്ടിക്കൊണ്ടുപോയി പീഡിപ്പിച്ചെന്ന കേസിലാണു സെൻഗറിന് ജീവപര്യന്തം തടവും 25 ലക്ഷം രൂപ പിഴയും വിചാരണ കോടതി വിധിച്ചത്. പീഡനശേഷം 60,000 രൂപയ്ക്കു വിറ്റ പെൺകുട്ടിയെ പിന്നീടു പൊലീസ് സ്റ്റേഷനിൽ കണ്ടെത്തുകയായിരുന്നു. സുപ്രീം കോടതി ഇടപെട്ടാണ് വിചാരണ ഡൽഹിയിലേക്കു മാറ്റിയത്.

സ്വർണവില കുറഞ്ഞു

തൃശൂർ: കേരളത്തിൽ ദിവസങ്ങൾക്ക് ശേഷം സ്വർണവില കുറഞ്ഞു. ഗ്രാമിന് 65 രൂപയുടെ കുറവാണ് ഇന്നുണ്ടായത്. 12,990 രൂപയായാണ് സ്വർണവില കുറഞ്ഞത്. പവന്റെ വിലയിൽ 520 രൂപയുടെ കുറവുണ്ടായി. 1,03,920 രൂപയായാണ് കുറഞ്ഞത്. കഴിഞ്ഞ ദിവസം റെക്കോഡിലെത്തിയതിന് പിന്നാലെയാണ് സ്വർണവില കുറയുന്നത്. ആഗോളവിപണിയിൽ സ്വർണവിലയിൽ ഇടിവുണ്ടായി. സ്പോട്ട് ഗോൾഡിന്റെ വിലയിൽ 0.4 ശതമാനം ഇടിവാണ് രേഖപ്പെടുത്തിയത

സമാധാനകരാറിലെത്തിച്ചേരാൻ സമയപരിധി നിശ്ചയിച്ചിട്ടില്ല, പക്ഷേ റഷ്യ–യുക്രൈൻ യുദ്ധം ഉടൻ അവസാനിക്കും: ട്രംപ്

വാഷിങ്ടൺ: സമാധാന കരാറിൽ എത്തിച്ചേരാനുള്ള സമയപരിധി നിശ്ചയിച്ചിട്ടില്ലെങ്കിലും റഷ്യ-യുക്രൈൻ യുദ്ധം സമീപഭാവിയിൽ തന്നെ അവസാനിക്കുമെന്ന് ഉറപ്പുണ്ടെന്ന് അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപ്. യുക്രൈൻ പ്രസിഡന്റ് വൊളോദിമിർ സെലെൻസ്കിയുമായുള്ള കൂടിക്കാഴ്ചയ്ക്കു പിന്നാലെ മാധ്യമങ്ങളോടു പ്രതികരിക്കുകയായിരുന്നു അദ്ദേഹം.

ചർച്ചകളിൽ പുരോഗതിയുണ്ട്. സമാധാന കരാറിൽ എത്തിച്ചേരാൻ കഴിയാത്തപക്ഷം അത് സംഘർഷം തുടരുന്നതിലേക്ക് മാത്രമേ നയിക്കുകയുള്ളൂവെന്നും കൂടുതൽ ജീവനുകൾ നഷ്ടമാകുമെന്നും ട്രംപ് മുന്നറിയിപ്പ് നൽകി. ചർച്ചകളുടെ അവസാനഘട്ടത്തിലാണ് നമ്മൾ. അല്ലാത്തപക്ഷം റഷ്യ-യുക്രൈൻയുദ്ധം ദീർഘകാലത്തേക്ക് നീളും. ഒന്നുകിൽ അത് അവസാനിക്കും. അല്ലെങ്കിൽ ഏറെക്കാലത്തേക്ക് തുടരും. ഇനിയും ദശലക്ഷക്കണക്കിനാളുകൾ കൊല്ലപ്പെടും, ട്രംപ് പറഞ്ഞു.

യുദ്ധം അവസാനിപ്പിക്കുന്നതിന് സമയപരിധി നിശ്ചയിച്ചോ എന്ന ചോദ്യത്തിനും ട്രംപ് മറുപടി നൽകി. 'ഞാൻ സമയപരിധി നിശ്ചയിച്ചിട്ടില്ല. യുദ്ധം അവസാനിപ്പിക്കുക എന്നതാണ് എന്റെ സമയപരിധി. യുദ്ധം അവസാനിപ്പിക്കുക എന്നതിനു മാത്രമാണ് താൻ പ്രാധാന്യം നൽകുന്നത്', അദ്ദേഹം വ്യക്തമാക്കി.

സമാധാനം പുനഃസ്ഥാപിക്കുന്നതിൽ ഗൗരവപൂർണമായ സമീപനമാണ് പുതിനും സെലൻസ്കിയ്ക്കുമുള്ളത് എന്നാണ് താൻ കരുതുന്നതെന്നും ട്രംപ് പറഞ്ഞു. സെലെൻസ്കിയുമായുള്ള കൂടിക്കാഴ്ചയ്ക്ക് മുൻപ്, പുതിനുമായി രണ്ടുമണിക്കൂർ സംസാരിച്ചിരുന്നെന്നും ട്രംപ് പറഞ്ഞു. സംഭാഷണം ഗുണകരമായിരുന്നെന്നു. യുക്രൈൻ പ്രസിഡന്റുമായുള്ള കൂടിക്കാഴ്ചയ്ക്ക് ശേഷം വീണ്ടും പുതിനുമായി സംസാരിക്കും. ചർച്ചകൾ സങ്കീർണമാണെങ്കിലും കൈകാര്യം ചെയ്യാനാകുന്നുണ്ട്, ട്രംപ് പറഞ്ഞു.

കോടതി പരസ്യം

ബഹു. ഇരിങ്ങാലക്കുട മുൻസിഫ് കോടതി മുമ്പാകെ

O.P. 14/2025

മുകുന്ദപുരം താലൂക്കിൽ കൊറ്റനെല്ലൂർ വില്ലേജിൽ ടി ദേശത്ത് തൈവളപ്പിൽ അന്തോണി മകൻ വർഗ്ഗീസ് -ഹരജിക്കാരൻ

ചാലക്കുടി താലൂക്ക് കൊടകര വില്ലേജിൽ കൊടകര കൊപ്രകളം ദേശം കണ്ണുക്കാടൻ ആന്റു ഭാര്യ മോളി -എതൃകക്ഷി

മേൽനമ്പർ കേസിൽ 2-ാം എതൃകക്ഷിക്കുള്ള നോട്ടീസ് മുതലായ കോടതി കല്പനകൾ കോടതിയിലും ടിയാരിയുടെ വാസസ്ഥലത്തും പതിച്ചുനടത്തുവാൻ കല്പിച്ച് കേസിന്റെ വിചാരണ **01-01-2026** തീയ്യതിക്ക് വെച്ചിരിക്കുന്നു. ടി കേസ് കാര്യത്തിൽ എന്തെങ്കിലും ആക്ഷേപം ഉണ്ടെങ്കിൽ അന്നേദിവസം പകൽ 11 മണിക്ക് ബഹുകോടതി മുമ്പാകെ ഹാജരായി ബോധിപ്പിക്കേണ്ടതാണെന്നും അല്ലാത്തപക്ഷം നിങ്ങളെ എക്സ്പാർട്ടിയാക്കി ഉത്തരവാകുന്നതുമാണ്. ടി വിവരങ്ങൾ ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന് 25-12-2025

ഹരജിഭാഗം അഡ്വക്കേറ്റ്

Akshay Pavanan

ഇരിങ്ങാലക്കുട (ഒപ്പ്)

കോടതി പരസ്യം

തൃശൂർ മുൻസിഫ് കോടതി മുമ്പാകെ

OS 1874/2001, EP 979/2022

ഗോവിന്ദൻ etc -ഹർജിക്കാർ

36) സുനിൽ, S/o. പാറുക്കുട്ടി, വടക്കേപുരയ്ക്കൽ വീട്, വല്ലച്ചിറ ദേശം, തൃശൂർ താലൂക്ക്
37) ഗിരിജ, D/o. പാറുക്കുട്ടി, വടക്കേപുരയ്ക്കൽ വീട്, വല്ലച്ചിറ ദേശം, തൃശൂർ താലൂക്ക്
38) അനിൽകുമാർ, S/o.പാറുക്കുട്ടി വടക്കേപുരയ്ക്കൽ വീട്, വല്ലച്ചിറ ദേശം, തൃശൂർ താലൂക്ക്
39) ഗീത, D/o.ശങ്കരൻ, കൈപ്പാറ ഹൗസ്, അവണിശ്ശേരി വില്ലേജ്) ആനക്കല്ല് ദേശം, തൃശൂർ താലൂക്ക് പി.ഒ. അവിണിശ്ശേരി, പിൻ- 680306
40) ചന്ദ്രിക, D/o.ശങ്കരൻ, കൈപ്പാറ ഹൗസ്, അവണിശ്ശേരി വില്ലേജ് ആനക്കല്ല് ദേശം, തൃശൂർ താലൂക്ക് പി.ഒ. അവിണിശ്ശേരി, പിൻ- 680306
41) അരവിന്ദാക്ഷൻ, S/o. ശങ്കരൻ, കൈപ്പാറ ഹൗസ്, അവണിശ്ശേരി വില്ലേജ് ആനക്കല്ല് ദേശം, തൃശൂർ താലൂക്ക് പി.ഒ. അവിണിശ്ശേരി, പിൻ - 680306
42) ജയലക്ഷ്മി, D/o.ശങ്കരൻ, കൈപ്പാറ ഹൗസ്, അവണിശ്ശേരി വില്ലേജ് ആനക്കല്ല് ദേശം, തൃശൂർ താലൂക്ക് പി.ഒ. അവിണിശ്ശേരി, പിൻ- 680306
43) സുനിതകുമാർ, S/o.ശങ്കരൻ, കൈപ്പാറ ഹൗസ്, അവണിശ്ശേരി വില്ലേജ് ആനക്കല്ല് ദേശം, തൃശൂർ താലൂക്ക് പി.ഒ. അവിണിശ്ശേരി, പിൻ- 680306
44) ബിന്ദു, D/o. ശങ്കരൻ, കൈപ്പാറ ഹൗസ്. അവണിശ്ശേരി വില്ലേജ്, ആനക്കല്ല് ദേശം, തൃശൂർ താലൂക്ക് പി.ഒ. അവിണിശ്ശേരി, പിൻ- 680306
45) ശോഭ പത്മനാഭൻ W/o.പത്മനാഭൻ കൈപ്പാറ ഹൗസ്, അവണിശ്ശേരി വില്ലേജ്, ആനക്കല്ല് ദേശം, തൃശൂർ താലൂക്ക്, പി.ഒ. അവിണിശ്ശേരി, പിൻ - 680306
46) സത്യൻ, S/o. കുഞ്ഞുണ്ണി, കൈപ്പാറ ഹൗസ്, അവണിശ്ശേരി വില്ലേജ് ആനക്കല്ല് ദേശം, തൃശൂർ താലൂക്ക് പി.ഒ. അവിണിശ്ശേരി, പിൻ-680306
47) സുജാത, D/o.കുഞ്ഞുണ്ണി, കൈപ്പാറ ഹൗസ്, അവണിശ്ശേരി വില്ലേജ് ആനക്കല്ല് ദേശം, തൃശൂർ താലൂക്ക് പി.ഒ. അവിണിശ്ശേരി, പിൻ - 680306
48) ലത, D/o. കുഞ്ഞു

RNI No. 7675/1964, Edited, Printed & Published by A. Mohammed at Kairaly Printers for Chethana Printers, Thrissur-4

ഓർമ്മയ്ക്കായ് നിർമ്മല 'നിർമ്മലം 2025' എന്ന് പേരിട്ട ഒത്തുചേരൽ

1978ലെ ഫോട്ടോ -താരസ്റ്റുഡിയോ ജോസ് എടുത്തത്

2025ലെ ഫോട്ടോ -സിജു ജോസ് എടുത്തത്

അയ്യന്തോൾ: നിർമ്മല കോൺവെന്റ് സ്കൂളിൽ 1978 ൽ നാലാം ക്ലാസ്സിൽ പഠിച്ചിരുന്നവരുടെ കൂട്ടായ്മയായ ഓർമ്മയ്ക്കായ് നിർമ്മല 'നിർമ്മലം 2025' എന്ന് പേരിട്ട ഒത്തുചേരൽ സംഘടിപ്പിച്ചു.

വിദേശത്തു നിന്നും മറ്റു സംസ്ഥാനങ്ങളിൽ നിന്നും ജില്ലകളിൽ നിന്നും വന്നെത്തിയവരടക്കം 60 ഓളം പേർ പങ്കെടുത്തു. 48 വർഷങ്ങൾക്കു ശേഷമുള്ള ഒത്തുചേരൽ തികച്ചും ആശ്ചര്യവും സന്തോഷവും നിറഞ്ഞതായിരുന്നു.

കൂടെ പഠിച്ചിരുന്ന ചിലരുടെ വേർപാടിൽ യോഗം അനുശോചനം രേഖപ്പെടുത്തി. സ്വയം പരിചയപ്പെടുത്തിയും കേക്ക് മുറിച്ചും വിവിധ കലാപരിപാടികൾ അവതരിപ്പിച്ചും രാവിലെ 9 മണി മുതൽ വൈകിട്ട് നാലു മണി വരെ അയ്യന്തോൾ സങ്കീർത്തനം ഓഡിറ്റോറിയത്തിൽ വെച്ചായിരുന്നു പരിപാടികൾ സംഘടിപ്പിച്ചത്. അമ്പതാം വാർഷികത്തിന് വീണ്ടും കാണാം എന്ന തീരുമാനത്തോടെ യോഗം അവസാനിച്ചു

കേരളസഹകരണ രംഗം കേന്ദ്രം വിഴുങ്ങുന്നു: മന്ത്രി വാസവൻ

തൃ ശൂർ: കേന്ദ്ര സർക്കാർ നടപ്പാക്കുന്ന പരിഷ്കരിച്ച സഹകരണ നിയമം കേരളത്തിലെ സഹകരണ മേഖലയെ തകർക്കുന്നതാണെന്നു ഠ, അതിനെതിരെ ശക്തമായ പോരാട്ടം സംഘടിപ്പിക്കേണ്ടതുണ്ടെന്നും; സംസ്ഥാന സഹകരണ മന്ത്രി വി.എൻ. വാസവൻ പ്രസ്താവിച്ചു.

തൃശൂർ കേരള ബാങ്ക് കൺവെൻഷൻ സെന്ററിൽ അഖിലേന്ത്യാ സഹകരണവാരാഘോഷം സംസ്ഥാന തലഉൽഘാടനംചെയ്യുകയായിരുന്നു മന്ത്രി.

വർണ്ണ ശബളമായ ചടങ്ങിൽ പി.ബാലചന്ദ്രൻ എം.എൽ.എ. അദദ്ധ്യക്ഷത വഹിച്ചു. മേയർ നിജി ജസ്റ്റിൻ, ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് മേരി തോമസ്, സംസ്ഥാന സഹകരണ യൂണിയൻ പ്രസിഡണ്ട് കോലിയക്കോട് കൃഷ്ണൻ നായർ, സി.പി. ജോൺ, എം.എൽ.എ. മാർ സ്ഹകരണ രംഗത്തെ മുഖ്യ വ്യക്തികൾ പ്രസംഗിച്ചു.

സമ്മേളനം വൈകീട്ട്സമാപിക്കും. ഉൽഘാടകനായി എത്തേണ്ടിയിരുന്ന മുഖ്യമന്ത്രി പിണറായി വിജയൻ ആശംസ ആറിയിച്ചു.

അഗളി പഞ്ചായത്ത് പ്രസിഡന്റ് സ്ഥാനം രാജിവച്ച് മഞ്ജു

പാലക്കാട്: അഗളി പഞ്ചായത്തിൽ കോൺഗ്രസിൽ നിന്ന് കൂറുമാറി സിപിഎം പിന്തുണയോടെ പ്രസിഡന്റായ മഞ്ജു രാജിവച്ചു. എന്നും കോൺഗ്രസ് പ്രവർത്തകയാണെന്നാണ് രാജിക്ക് ശേഷം മഞ്ജു പ്രതികരിച്ചിരിക്കുന്നത്.

'അന്നും ഇന്നും എന്നും ഞാൻ കോൺഗ്രസ് പ്രവർത്തകയായിരിക്കും. പ്രസിഡന്റ് സ്ഥാനത്തേക്ക് നിർദേശിച്ചപ്പോൾ എൽഡിഎഫ് അംഗങ്ങൾ എനിക്ക് പിന്തുണ നൽകുക മാത്രമാണ് ചെയ്തത്.

ഹെരിറ്റേജ് ഇന്ത്യ ഗ്രൂപ്പിന്റെ വാർഷികം തേറമ്പിൽ ഉദ്ഘാടനം ചെയ്തു

തൃശ്ശൂർ: തൃശ്ശൂർ ആസ്ഥാനമാക്കി പ്രവർത്തിക്കുന്നഹെരിറ്റേജ് ഇന്ത്യ ഗ്രൂപ്പിന്റെ വാർഷിക ആഘോഷവും പ്രമുഖ സീനിയർ സിറ്റിസണായ പ്രൊഫസർ ഈ മുഹമ്മദിനും (സൈക്കോ മുഹമ്മദ്) മുൻ യു എഇ എബിസി ബാങ്ക് വൈസ് പ്രസിഡണ്ടും അറിയപ്പെടുന്ന ചെണ്ട മേള കലാകാരൻ കൂടിയായ ശശി മേനോനും, മുഖ്യമന്ത്രിയുടെ സ്വർണ്ണ മെഡൽ നേടിയ തൃശ്ശൂർ വിജിലൻസ് എസ്ഐ പി കെ ജയകുമാറിനും ഹെറിറ്റേജ് ഗോൾഡൻ അവാർഡുകൾ വിതരണം ചെയ്തു.

അവാർഡുകൾ മുൻ നിയമസഭാ സ്പീക്കർ തേറമ്പിൽ രാമകൃഷ്ണനാണ് നൽകിയത്. മുൻ ഐഎഎസ് ഓഫീസറും വിവരാവകാശ കമ്മീഷണറുമായ എം എൻ ഗുണവർധനൻ മുഖ്യാതിഥിയായിരുന്നു.

ചെയർമാൻ അബ്ദുള്ള സോണാ നടത്തിയ അധ്യക്ഷ പ്രസംഗത്തിൽ ഹെരിറ്റേജ് ഗ്രൂപ്പ് മൺമറഞ്ഞ പ്രമുഖരായ എഴുത്തുകാരുടെ സൃഷ്ടികളിലെകഥാപാത്രങ്ങളുടെ മെഴുക് പ്രതിമകളുടെ മ്യൂസിയം സ്ഥാപിക്കുമെന്നു പ്രസ്താവിച്ചു. മുൻ ആംഡ്ഫോർസ് മെഡിക്കൽ കോളേജ് പ്രൊഫസറും, സ്വപ്നാടനം എന്ന സിനിമയുടെ കഥാകൃത്തും തിരക്കഥാകൃത്തുമായ സൈക്കോ മുഹമ്മദ് കോവിഡാനന്തര മാനസിക പ്രശ്നങ്ങൾ എന്ന വിഷയത്തെക്കുറിച്ച് പ്രസംഗിക്കുകയും ചോദ്യങ്ങൾക്ക് ഉത്തരം നൽകുകയും ചെയ്തു.

യോഗാനന്തരം സംഗീത സദസ്സ് ഉണ്ടായിരുന്നു. പ്രശസ്ത സംഗീതജ്ഞനായ ജോജോ മൂക്കനും മറ്റു പ്രമുഖ സംഗീതജ്ഞരും ഗാനങ്ങൾ ആലപിച്ചു.

തൃശ്ശൂരിലെ 60 വർഷമായി പ്രവർത്തിക്കുന്ന സ്വാതന്ത്ര മണ്ഡപം ഈവനിംഗ് പത്രത്തെയും പത്രാധിപർ മുഹമ്മദ് നേയും ഗോൾഡൻ അവാർഡിന് തെരഞ്ഞെടുത്തു.

പാലക്കാട് ജില്ലയിൽ പ്രവർത്തിക്കുന്ന വീരാവു ഉണ്ണിയെ പൈതൃക യുവ പത്രപ്രവർത്തനത്തുള്ള അവാർഡിന് തിരഞ്ഞെടുത്തു. അവാർഡുകൾ അടുത്തവർഷം മെയ് മാസത്തിൽ നൽകുന്നതാണ്. യോഗത്തിൽ ശശിമേനോൻ, പി കെ വിജയകുമാർ, ഡോ. ഫിറോസ് കുട്ടല്ലൂർ എന്നിവർ സംസാരിച്ചു. ജനറൽ സെക്രട്ടറി സുനിൽകുമാർ സ്വാഗത പ്രസംഗവും ഫിറോസ് നന്ദിയും പറഞ്ഞു.

ടാറ്റാനഗർ–എറണാകുളം എക്സ്പ്രസിലെ രണ്ട് കോച്ചുകൾക്ക് തീപ്പിടിച്ചു; ഒരുമരണം; അപകടം ആന്ധ്രയിൽ

വിശാഖപട്ടണം: ആന്ധ്രാ പ്രദേശിൽ ട്രെയിനിന് തീപ്പിടിച്ച് ഒരാൾ മരിച്ചു. ടാറ്റാനഗർ–എറണാകുളം എക്സ്പ്രസിലെ രണ്ട് കോച്ചുകൾക്കാണ് തീപിടിച്ചത്. ആന്ധ്രയിലെ വിശാഖപട്ടണത്തിന് സമീപം അനക്കപ്പള്ളിയിലാണ് അപകടമുണ്ടായത്.

ഞായറാഴ്ച അർധരാത്രി 12.45–ഓടെയാണ് ട്രെയിനിലെ രണ്ട് കോച്ചുകളിൽ തീപ്പിടിത്തമുണ്ടായതെന്നാണ് റിപ്പോർട്ട്. എസി കോച്ചുകളിലാണ് തീപ്പിടിത്തമുണ്ടായതെന്നാണ് വിവരം. ഇതിൽ ഒരുകോച്ചിൽ 82 യാത്രക്കാരും രണ്ടാമത്തെ കോച്ചിൽ 76 യാത്രക്കാരുമുണ്ടായിരുന്നു. തീപ്പിടിത്തമുണ്ടായ കോച്ചിൽ തീയണച്ച ശേഷം നടത്തിയ പരിശോധനയിലാണ് ഒരാളുടെ മൃതദേഹം കണ്ടെത്തിയത്. മരിച്ചയാളെ തിരിച്ചറിഞ്ഞതായും ചന്ദ്രശേഖർ സുബ്രഹ്മണ്യം എന്നാണ് ഇയാളുടെ പേരെന്നും പോലീസ് പറഞ്ഞു. ബി1 കോച്ചിൽനിന്നാണ് യാത്രക്കാരന്റെ മൃതദേഹം കണ്ടെത്തിയതെന്നും പോലീസ് ഉദ്യോഗസ്ഥർ വ്യക്തമാക്കി.

സംഭവത്തിന് പിന്നാലെ തീപ്പിടിത്തമുണ്ടായ രണ്ട് കോച്ചുകൾ ട്രെയിനിൽനിന്ന് വേർപ്പെടുത്തി. യാത്രക്കാരെ അവരുടെ ലക്ഷ്യസ്ഥാനങ്ങളിലേക്ക് അയക്കാനുള്ള നടപടികൾ സ്വീകരിച്ചതായും അധികൃതർ അറിയിച്ചു. അതേസമയം, തീപ്പിടിത്തത്തിന്റെ കാരണം ഇതുവരെ വ്യക്തമായിട്ടില്ല. പോലീസും ഫൊറൻസിക് സംഘവും കോച്ചുകളിൽ പരിശോധന നടത്തുന്നുണ്ടെന്നും അധികൃതർ പറഞ്ഞു.

കണ്ണൂരിൽ നിന്ന് ഗുരുവായൂരിലേക്ക് ട്രെയിൻ സൗകര്യം ഒരുക്കണം: വാര്യർ സമാജം

ഗുരുവായൂർ: സമസ്ത കേരള വാര്യർ സമാജം സംസ്ഥാന ഡയറക്ടർ ബോർഡ് യോഗം പ്രസിഡന്റ് പി.കെ. മോഹൻദാസിന്റെ അധ്യക്ഷതയിൽ സമാജം അക്ഷയ ഹാളിൽ നടന്നു. മുൻ സംസ്ഥാന പ്രസിഡന്റ് പി. ആർ. കൃഷ്ണവാര്യരുടെ ദേഹവിയോഗത്തിൽ അനുശോചനം രേഖപ്പെടുത്തി. സംസ്ഥാന ജനറൽ സെക്രട്ടറി വി.വി. മുരളിധരവാര്യർ സംഘടന പ്രവർത്തനങ്ങളെ കുറിച്ച് സംസാരിച്ചു.

ക്ഷേത്രനഗരിയായ ഗുരുവായൂർക്ക് വരാൻ വടക്കെ മലബാറുകാർക്ക് പ്രത്യേകിച്ച് കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലയിലുള്ളവർക്ക് ട്രെയിൻ സൗകര്യം ഇല്ല .ആയത് പരിഹരിക്കുവാൻ സംസ്ഥാന– കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ പെടുത്തുവാൻ തിരുമാനിച്ചു . സമാജം 48–ാം മത് സംസ്ഥാന സമ്മേളനത്തിന്റെ സ്വാഗത സംഘ രൂപീകരണ യോഗം ആലപ്പുഴ ജില്ലയിൽ ഹരിപ്പാട് ജനുവരി 4 ന് നടത്തുവാൻ തിരുമാനിച്ചു. സംസ്ഥാന ട്രഷറർ വി.വേണുഗോപാൽ പ്രസംഗിച്ചു.

അതുൽ നറുകരയുടെ ഫോക്ക് ഗ്രാഫർ ലൈവും പുഷ്പാവതിയുടെ 'നീലനിലാ ഗാനസന്ധ്യ'യും ചേർന്ന് വർണ്ണക്കുടയുടെ സായാഹ്നം സംഗീതമയമായി

ഇരിങ്ങാലക്കുടയുടെ സാംസ്കാരികോത്സവം വർണ്ണക്കുടയുടെ മൂന്നാം ദിവസംപൊറത്തിശ്ശേരി നാട്യക്ഷേത്ര അവതരിപ്പിച്ച വീരനാട്യം, എച്ച്.ഡി.പി. സമാജം ഹയർ സെക്കന്ററി സ്കൂൾ, എടതിരിഞ്ഞി അവതരിപ്പിച്ച ചവിട്ടുനാടകം,ഭരത് വിദ്വത് മണ്ഡൽ അവതരിപ്പിച്ച ഭരതനാട്യം, ലിറ്റിൽ ഫ്ളവർ കോൺവെന്റ് ഹൈസ്കൂൾ, ഇരിങ്ങാലക്കുട അവതരിപ്പിച്ച മാർഗ്ഗംകളി, എജെ കൊറിയോഗ്രാഫേഴ്സ്, ഇരിങ്ങാലക്കുടയുടെ ഡാൻസ് ഷോകേസ് എന്നിവ കാണികൾക്ക് ദൃശ്യവിരുന്നൊരുക്കി.

തുടർന്ന് പ്രശസ്തപിന്നണി ഗായിക പുഷ്പാവതിയും സംഘവും അവതരിപ്പിച്ച നീലനിലാ' ഗാനസന്ധ്യയും ഗായകനും ഫോക്ഗ്രാഫറുമാ അതുൽ നറുകരയും സംഘവും അവതരിപ്പിച്ച ഫോക്ക്ഗ്രാഫർ ലൈവും അരങ്ങേറി.

വർണ്ണക്കുടയുടെ നാലാം ദിവസമായ തിങ്കളാഴ്ച തിരുവാതിരക്കളി, മലപ്പുലയാട്ടം, ഇരുളനൃത്തം, ശരണ്യ സഹസ്ര അവതരിപ്പിക്കുന്ന കഥക്, വെസ്റ്റ് ബംഗാളിൽ നിന്നുള്ള പുരുളിയ ചാവ് നാടോടി നൃത്തവും ഷഹബാസ് അമാന്റെ ഗസൽ സന്ധ്യയും അരങ്ങേറുമെന്ന് വർണ്ണക്കുടയുടെ ചെയർമാനും ഉന്നതവിദ്യാഭ്യാസ മന്ത്രിയുമായ ഡോ. ആർ. ബിന്ദു അറിയിച്ചു.

ഡിസംബർ 26 മുതൽ 30 വരെ വേറിട്ട വിവിധ ദേശീയ സാംസ്കാരിക കലാപരിപാടികൾ ഉൾപ്പെടുത്തിയാണ് മൂന്നാം വർഷവും വർണ്ണക്കുട ഒരുക്കിയിരിക്കുന്നത്.

ഭിന്നശേഷിക്കാർക്കും മുതിർന്നവർക്കും നവവത്സര ആശംസാ കാർഡുകൾ അയച്ച് എൻഎസ്എസ് വളണ്ടിയർമാർ

കണ്ടശാങ്കടവ് പ്രൊഫ .ജോസഫ് മുണ്ടശ്ശേരി സ്മാരക ഗവൺമെൻറ് ഹയർ സെക്കൻഡറി സ്കൂളിൽ നടക്കുന്ന സപ്തദിനസഹവാസ ക്യാമ്പിലാണ് നൂതനമായ ഈ ആശയം മുന്നോട്ടുവെച്ച് നാട്ടിക ഫിഷറീസ് ഗവൺമെൻറ് ഹയർ സെക്കൻഡറി സ്കൂളിലെ എൻ.എസ്എസ് കുട്ടികൾ രംഗത്തെത്തിയത്. വിദ്യാർത്ഥികളിലെ സാമൂഹ്യബോധ നിർമ്മാണത്തിനു വേണ്ട കർമ്മ പദ്ധതികൾ എന്ന വിഷയത്തെ അധികരിച്ച് മറ്റം സെൻറ് ഫ്രാൻസിസ് ഹയർ സെക്കൻഡറി സ്കൂൾ അധ്യാപകനും എൻ സി സി മേജറുമായ പി.ജെ. സ്റ്റൈജു മാസ്റ്റർ ആണ് സെമിനാറിന് നേതൃത്വം നൽകിയത്

സ്കൂൾ പ്രിൻസിപ്പാൾ ഷാജറത്ത് എസ് എൻ അധ്യക്ഷത വഹിച്ച യോഗത്തിൽ രാഖി എം.എ. അധ്യാപകരായ രാജഷീബ , അനിത കെ എന്നിവർ അനുബന്ധ പ്രഭാഷണം നടത്തി. സെമിനാറിനു ശേഷം വിദ്യാർത്ഥികൾ പാർശ്വവത്ക്കരിക്കപെട്ട ജനങ്ങളോട് കരുണ കാണിക്കുമെന്നും പതിനെട്ടാം പിറന്നാൾ മുതൽ രക്തം ദാനം ചെയ്ത് ആഘോഷിക്കുമെന്ന് പ്രതിജ്ഞ ചെയ്തു. നവവത്സരആശംസ കാർഡുകൾ അയക്കുന്നതിന്റെ ഉദ്ഘാടനം മേജർ പി ജെ സ്റ്റൈജു എൻഎസ്എസ് പ്രോഗ്രാം ഓഫീസർ എം.എ രാഖി ടീച്ചർക്ക് കാർഡ് നൽകി ഉദ്ഘാടനം ചെയ്തു. വരും ദിവസങ്ങളിൽ തങ്ങളുടെ സമീപപ്രദേശത്തുള്ള മുതിർന്നവർക്കും ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്കും നവവത്സര ആശംസാകാർഡുകൾ അയക്കുമെന്ന് വിദ്യാർഥികളായ പി. ശിവനന്ദൻ ' നന്ദിത ബിജു എന്നിവർ പറഞ്ഞു

18 രൂപയുടെ സാധനം ഒറ്റയടിക്ക് 72 ആക്കും; കേന്ദ്രസർക്കാരിന്റെ പുതിയ തീരുമാനം ലക്ഷ്യമിടുന്നത് ഇക്കൂട്ടരെ, പിന്നാലെ ട്രോൾ മഴ

ന്യൂഡൽഹി: സിഗരറ്റിന്റെ വില കുത്തനെ ഉയർത്താനുള്ള കേന്ദ്രസർക്കാരിന്റെ നീക്കത്തെ അനുകൂലിച്ചും പ്രതികൂലിച്ചും സോഷ്യൽ മീഡിയ. നിലവിൽ 18 രൂപ വിലയുള്ള ഒരു സിഗരറ്റിന് ഭാവിയിൽ 72 രൂപ വരെയാകുമെന്നാണ് ഉദ്യോഗസ്ഥർ വിലയിരുത്തുന്നത്. സിഗരറ്റ് വിൽപ്പന നിയന്ത്രിക്കുന്നതിനായി എക്സൈസ് തീരുവയിൽ കുത്തനെ വർദ്ധനവ് വരുത്തുമെന്നായിരുന്നു നേരത്തെ പുറത്തുവന്ന വിവരം. ഈ തീരുമാനം പുകവലി ഉപേക്ഷിക്കാൻ കാരണമാകുമെന്ന പ്രതീക്ഷയിൽ ചിലർ ഈ തീരുമാനത്തെ സ്വാഗതം ചെയ്തിട്ടുണ്ടെങ്കിലും വിമർശനങ്ങളും ഉയരുന്നുണ്ട്.

ചിലർ റെഡിറ്റിലൂടെ ഇതുമായി ബന്ധപ്പെട്ട ബില്ലിന്റെ സ്ക്രീൻഷോട്ട് പങ്കുവച്ചുകൊണ്ടാണ് അഭിപ്രായങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നത്. സർക്കാരിന്റെ പുതിയ തീരുമാനം അംഗീകരിക്കുന്നുവെന്നും ഇത് വിദ്യാർത്ഥികളിലും യുവാക്കളിലും ഇടയിലുള്ള പുകവലിക്കാരുടെ എണ്ണത്തെ ഗണ്യമായി കുറയ്ക്കാൻ സഹായിക്കുമെന്നും ഒരാൾ കമന്റ് ചെയ്തു. എന്നാൽ മറ്റൊരാൾ പ്രതികരിച്ചത്, ഡൽഹിയിലെ മലിനമായ വായുവിൽ ജീവിച്ച തങ്ങൾക്ക് സിഗരറ്റുകൾ കാര്യമായ മാറ്റമുണ്ടാക്കില്ലെന്നായിരുന്നു.

എന്നാൽ സിഗരറ്റിന്റെ വില കുത്തനെ ഉയർത്തുന്നത് ഇ സിഗരറ്റുകൾ പോലുള്ള ഉൽപ്പന്നങ്ങൾ ഉപയോഗിക്കാൻ ജനങ്ങൾ പ്രേരിപ്പിച്ചേക്കാമെന്നും ചിലർ സംശയം പ്രകടിപ്പിക്കുന്നുണ്ട്. പുതിയ തീരുമാനം നടപ്പിലാക്കുന്നതിനു മുൻപ് തന്നെ കൂടുതൽ സിഗരറ്റുകൾ വാങ്ങി വയ്ക്കണമെന്നും ഒരാൾ തമാശ രൂപേണ പറയുന്നുണ്ട്. അതേസമയം, സെൻട്രൽ എക്സൈസ് ബിൽ പാർലമെന്റ് പാസാക്കിയിട്ടുണ്ട്. സിഗരറ്റ്, സിഗാർ, ഹുക്ക പുകയില, സർദ സുഗന്ധമുള്ള പുകയില എന്നിവയുൾപ്പെടെയുള്ള ലഹരി ഉൽപ്പന്നങ്ങളുടെ എക്സൈസ് തീരുവ പരിഷ്കരിക്കുന്നതിനാണ് ധനകാര്യ സഹമന്ത്രി പങ്കജ് ചൗധരി അവതരിപ്പിച്ച ബിൽ ലക്ഷ്യമിടുന്നത്.

1944ലെ നിലവിലെ സെൻട്രൽ എക്സൈസ് ആക്ട് പ്രകാരം, നീളവും തരവും അനുസരിച്ച് 1,000 സിഗരറ്റുകൾക്ക് 200 രൂപ മുതൽ 735 രൂപ വരെ തീരുവ ചുമത്തുന്നു. പുതിയ ഭേദഗതി പ്രകാരം 1,000 സിഗരറ്റുകൾക്ക് 2,700 മുതൽ 11,000 രൂപ വരെ തീരുവ വർദ്ധിക്കും.

പടിയൂരിനെ കരുത്തോടെ നയിക്കാൻ കെ.പി കണ്ണൻ

പടിയൂർ: പടിയൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റായി കെ.പി കണ്ണനെ തെരഞ്ഞെടുത്തു. എൽഡിഎഫ് സ്ഥാനാർഥിയായി സിപിഐയെ പ്രതിനിധിക്കാരിച്ച് 4–ാം വാർഡിൽ നിന്നും തെരെഞ്ഞെടുത്തു. വിദ്യാർത്ഥി യുവജനപ്രസ്ഥാനത്തിലൂടെയാണ് പൊതുരംഗത്ത് എത്തിയത്.

വിദ്യാർത്ഥി – യുവജന സംഘടനകളുടെ ഭാരവാഹിയായും പ്രവർത്തിച്ചിട്ടുണ്ട്. നിലവിൽ സി പി ഐ പടിയൂർ നോർത്ത് ലോക്കൽ അസിസ്റ്റന്റ് സെക്രട്ടറിയാണ്. 2015 ൽ നാലാം വാർഡിനെ പ്രതിനിധിക്കുകയും ആരോഗ്യ വിദ്യഭ്യാസസ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാനുമായി ചുമതല വഹിച്ചിട്ടുണ്ട്. കാർഷിക–കാർഷികേതര രംഗത്തെ നിറസാന്നിധ്യമാണ്.

ചർച്ചയായി മറ്റത്തൂർ മോഡൽ: കോൺഗ്രസിനെതിരേ ആയുധമാക്കി സിപിഎം; പ്രതിരോധത്തിൽ പ്രതിപക്ഷം

തിരു: കോൺഗ്രസിനെ കടന്നാക്രമിക്കാൻ തൃശ്ശൂരിലെ മറ്റത്തൂർ മോഡൽ കൂറുമാറ്റം രാഷ്ട്രീയായുധമാക്കി സിപിഎം. എട്ട് കോൺഗ്രസ് വാർഡംഗങ്ങൾ കൂട്ടത്തോടെ രാജിവെച്ച് ബിജെപിയുമായിച്ചേർന്ന് പഞ്ചായത്ത് ഭരണം പിടിച്ചത് അന്തർധാരയെന്നാണ് ആരോപണം. തിരഞ്ഞെടുപ്പിനുമുൻപ് സിപിഎം–ബിജെപി ബാന്ധവം ആരോപിച്ച കോൺഗ്രസിന് മറ്റത്തൂർ ഞെട്ടലായി. എട്ടുപേരെ പിന്തിരിപ്പിച്ചും നടപടിയെടുത്തും പ്രശ്നം പരിഹരിക്കാമെന്നാണ് കോൺഗ്രസിന്റെ പ്രതീക്ഷ.

കോൺഗ്രസ് തീരുമാനം ലംഘിച്ചെങ്കിലും ആരും ബിജെപിയിൽ ചേർന്നിട്ടില്ലെന്ന് പ്രതിപക്ഷനേതാവ് വി.ഡി. സതീശനും ബിജെപിയെ പിന്തുണച്ചവർക്കെതിരേ നടപടിയുണ്ടാവുമെന്ന് തൃശ്ശൂർ ഡിസിസി അധ്യക്ഷനും വിശദീകരിച്ചു.

മറ്റത്തൂർ മോഡലിന് ഓപ്പറേഷൻ 'കമലെ'ന്നും 'കോൺഗ്രസ് ജനതാ പാർട്ടി'യെന്നുമൊക്കെയുള്ള വിശേഷണങ്ങൾ സാമൂഹികമാധ്യമങ്ങളിൽ നിറഞ്ഞു. 2016–ൽ അരുണാചൽപ്രദേശിൽ 44 കോൺഗ്രസ് എംഎൽഎമാരിൽ 43 പേരും എൻഡിഎയിലേക്ക് ചേക്കേറിയതും 2021–ൽ കോൺഗ്രസിനെ ചാക്കിലാക്കി പുതുച്ചേരിയിൽ ബിജെപി ഭരണംപിടിച്ചതുമൊക്കെ ഉയർത്തിക്കാട്ടി, അവയുടെ കേരള മോഡലാണ് മറ്റത്തൂരിലേതെന്നാണ് സിപിഎം പ്രചാരണം.

തദ്ദേശവോട്ടെടുപ്പിലെ കോൺഗ്രസ്–ബിജെപി കൊടുക്കൽവാങ്ങലിന്റെ ബാക്കിയാണ് മറ്റത്തൂരിൽ സംഭവിച്ചതെന്നും വരാനിരിക്കുന്ന തിരഞ്ഞെടുപ്പിന്റെ പരീക്ഷണമാണിതെന്നും മന്ത്രി എം.ബി. രാജേഷ് പറഞ്ഞു. നേമത്ത് ഒ. രാജഗോപാലിലൂടെ ബിജെപി അക്കൗണ്ടുതുറന്നത് കോൺഗ്രസിന്റെ വോട്ടുകൊണ്ടാണെന്ന ആരോപണവുമായി മന്ത്രി വി. ശിവൻകുട്ടിയും രംഗത്തെത്തി.

ബാലമുരുകൻ പിടിയിൽ

തൃശ്ശൂർ:വിയ്യൂരിൽ നിന്നും രക്ഷപ്പെട്ട കൊടും ക്രിമിനൽ ബാലമുരുകൻ പിടിയിൽ. ട്രിച്ചിക്ക് സമീപം ബൈക്കിൽ പോകുമ്പോഴാണ് പിടിയിലായത്. പ്രതിയെ തെങ്കാശി കോടതിയിൽ ഹാജരാക്കി.

ബാലമുരുകൻ രക്ഷപ്പെട്ടത് നവംബർ മൂന്നിന്. 5 കൊലക്കേസ് അടക്കം 53 കേസുകളിലെ പ്രതിയാണ്. ഉടൻ വിയ്യൂർ പോലീസിന് പ്രതിയെ കൈമാറും.

മുരിയാട് പഞ്ചായത്ത്: തോമസ് തത്തംപിള്ളി പ്രതിപക്ഷ നേതാവ്

മുരിയാട്: പഞ്ചായത്ത് കോൺഗ്രസ് പാർലമെന്ററി പാർട്ടി ലീഡറായി തോമസ് തത്തംപിള്ളിയെ തിരഞ്ഞെടുത്തു. കെ പി സി സി ജനറൽ സെക്രട്ടറി സോണിയ ഗിരി, ഡി സി സി സെക്രട്ടറി കെ.കെ. ശോഭനൻ, മണ്ഡലം പ്രസിഡന്റ് സാജു പാറേക്കാടൻ എന്നിവരുടെ സാന്നിധ്യത്തിൽ ചേർന്ന പാർലമെന്ററി പാർട്ടി യോഗത്തിലാണ് തിരഞ്ഞെടുപ്പ് നടന്നത്. തേന്മസ് തൊകലത്തിനെ ഡെപ്യൂട്ടി ലീഡറായും ജസ്റ്റിൻ ജോർജിനെ സെക്രട്ടറിയായും ഷാരി വീനസിനെ ട്രഷററായും തിരഞ്ഞെടുത്തു

സൗമ്യ അനിലൻ കുന്നംകുളത്തിന്റെ പുതിയ ചെയർപേഴ്സണായി തിരഞ്ഞെടുക്കപ്പെട്ടു

കുന്നംകുളം: 39 അംഗ കൗൺസിൽ നിന്നും 18 വോട്ടുകൾ നേടിയാണ് സിപിഎമ്മിലെ സൗമ്യ അനിലൻ വിജയിച്ചത്. കോൺഗ്രസിൽ നിന്നും ചെയർപേഴ്സൺ സ്ഥാനത്തേക്ക് മത്സരിച്ച മിഷ സെബാസ്റ്റ്യൻ 10 വോട്ടും, ബിജെപിയിലെ ഗീതാ ശശി 7 വോട്ടും നേടി. 4 അംഗങ്ങൾ ഉള്ള ഞങ്ങജ ചെയർപേഴ്സൺ തിരഞ്ഞെടുപ്പിൽ പങ്കെടുത്തെങ്കിലും വോട്ടിംഗിൽ നിന്നും വിട്ടുനിന്നു.

ഉച്ചയ്ക്ക് 2 മണിക്കാണ് വൈസ് ചെയർമാൻ തിരഞ്ഞെടുപ്പ് നടന്നത്. കുന്നംകുളത്ത് തുടർച്ചയായി മൂന്നാം തവണയാണ് സിപിഎം ഭരണ നേതൃത്വം വഹിക്കുന്നത്.

കോടതി പരസ്യം

ബഹു. തൃശൂർ മുൻസിഫ് കോടതി മുമ്പാകെ

OS: 2208/2020

നിപ്സൺ, S/o. പാവു, കൊള്ളന്നൂർ ഹൗസ്, നടത്തറ, തൃശൂർ–680751

–അന്യായം

1) മിനി ജോസ് S/o. Late ജോസ്, കിണറ്റിങ്കൽ ഹൗസ്, ഒളരിക്കര, പുല്ലഴി പി ഒ., തൃശൂർ–680012

2) അജീഷ് ജോസ് S/o. Late ജോസ്, കിണറ്റിങ്കൽ ഹൗസ്, ഒളരിക്കര, പുല്ലഴി പി ഒ., തൃശൂർ–680012

3) അനീഷ് ജോസ് S/o. Late ജോസ്, കിണറ്റിങ്കൽ ഹൗസ്, ഒളരിക്കര, പുല്ലഴി പി ഒ., തൃശൂർ–680012

4) അഭിഷേക് ജോസ് S/o. Late ജോസ്, കിണറ്റിങ്കൽ ഹൗസ്, ഒളരിക്കര, പുല്ലഴി പി ഒ., തൃശൂർ–680012

–1 മുതൽ 4 കൂടി പ്രതികൾ

മേൽ നമ്പറിൽ 1 മുതൽ 4 കൂടി പ്രതികൾക്കുള്ള നോട്ടീസ് കോടതിയിലും വാസസ്ഥലത്തും പതിച്ചു നടത്തുവാൻ അനുവദിച്ച് മേൽ നമ്പർ കേസ് **5–1–2026** തിയ്യതിക്ക് വിചാരണക്ക് വെച്ചിരിക്കുന്നു. ടി കാര്യത്തിൽ എന്തെങ്കിലും ആക്ഷേപം ഉണ്ടെങ്കിൽ അന്നേദിവസം പകൽ 11 മണിക്ക് ബഹു. കോടതി മുമ്പാകെ ഹാജരായി ബോധിപ്പിക്കേണ്ടതാണെന്ന് ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന് 22–12–2025

ഹർജി ഭാഗം അഡ്വക്കേറ്റ്:

വിഷ്ണു സി നായർ (ഒപ്പ്)

കോടതി പരസ്യം

ബഹു. ഇരിങ്ങാലക്കുട പ്രിൻസിപ്പൽ മുൻസിഫ് കോടതി മുമ്പാകെ

O.S. 457/2025

ഐ.സി.എൽ ഫിൻകോർപ് ലിമിറ്റഡ്

–അന്യായം

എറണാകുളം ജില്ല. ആലുവ താലൂക്ക് ആനപ്പാറ–കാലടി വില്ലേജ്. ആനപ്പാറ ദേശത്ത്, കാലടി പി.ഒ. പിൻ – 683581 പുളിക്കൽ ജോസ് മകൻ 32 വയസ്സ് അരുൺ പി.ജോസ്

–പ്രതി

മേൽനമ്പർ കേസിൽ പ്രതിക്കുള്ള സമൻസ് പതിച്ചു നടത്തുവാനും പത്രത്തിൽ പരസ്യം ചെയ്യുവാനും ഉത്തരവായി മേൽനമ്പ